**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1112.** **30.10.2019 ൽ മറുപടിയ്ക്ക്**

**മയക്കമരുന്നുകളുടെ ഉപയോഗവും വ്യാപനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.സ്വരാജ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ തരത്തിലുള്ള വിവിധങ്ങളായ മയക്കമരുന്നുകളുടെ ഉപയോഗവും വ്യാപനവും തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം അറിയിക്കുമോ; | (എ) | പുതിയ തരത്തിലുള്ള വിവിധങ്ങളായ മയക്കമരുന്നുകളുടെ ഉപയോഗവും വ്യാപനവും തടയുന്നതിന് എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാരകേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വില്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പുതിയ തരത്തിലുള്ള മയക്കമരുന്നുകളെ തിരിച്ചറിയുന്നതിന് സഹായകമായ തരത്തിൽ എക്സൈസ് വകുപ്പിനെ ആധുനികവത്ക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | പുതിയ തരത്തിലുള്ള മയക്കമരുന്നുകളെ തിരിച്ചറിയുന്നതിനായി പ്രാഥമിക പരിശോധന നടത്തി ഉറപ്പുവരുത്തുന്നതിലേക്ക് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയിൽ നിന്നും ലഭിക്കുന്ന ഡ്രഗ് ഐഡന്റിഫിക്കേഷൻ കിറ്റുകൾ ഫീൽഡ് ഓഫീസുകളിൽ നൽകി പരിശോധന നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ